വർക്കുഷോപ്പുകളിലും കഴിഞ്ഞ 15 വർഷത്തിലേറെയായി ജോലി നോക്കുന്ന 88 കാഷ്വൽ ജീവനക്കാരെ ഗാരേജ് മസ്ദൂർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ട ഡ്രൈവർമാർ

128 (832) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ 2000 ഡിസംബർ 31-ലെ കണക്കനുസരിച്ച് എത്ര ഡ്രൈവർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിച്ചവരായുണ്ടായിരുന്നു ;

(ബി) ഇവരിൽ നിന്നും സെക്യൂരിറ്റി ഇനത്തിൽ എന്തു തുക വീതം വാങ്ങിയിരുന്നു;

(സി) ഇവരെ പിരിച്ചുവിടാൻ 2001 ജനുവരി 10-ാം തീയതിക്കുമുമ്പ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നുവോ ;

(ഡി) എങ്കിൽ അതനുസരിച്ച് അവരെ പിരിച്ചുവിട്ടുവോ ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇവരിൽ നിന്നും വാങ്ങിയ സെക്യൂരിറ്റി തുക തിരിച്ചു നൽകുന്നതിന് ഒട്ടാകെ എന്തു തുക ആവശ്യമായി വരും ?

ഉത്തരം

(എ) 3,029 ഡ്രൈവർമാർ.

(ബി) 3000 രൂപ വീതം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 90,87,000 രൂപ വേണ്ടി വരും.

വാഹനങ്ങളുടെ സ്ഥിതിവിവരകണക്ക്

129 (834) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാഹന സംഖ്യയിലുണ്ടായിട്ടുള്ള വർദ്ധനവു സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ ബസുകൾ എത്ര റൂട്ടുകളിൽ സർവ്വീസ് നടത്തുന്നു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly